**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4893 27.10.2016 ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന സാക്ഷരതാ മിഷൻ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ**<br>**,, കെ. ബാബു**<br>**,, പി.വി. അൻവർ**<br>**,, ജോർജ് എം. തോമസ്** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കി വരുന്ന തുടർ വിദ്യാഭ്യാസ പരിപാടികൾ, നിരക്ഷരത നിർമ്മാർജ്ജന പരിപാടികൾ തുടങ്ങിയവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർസെക്കണ്ടറി തുല്യതാ കോഴ്സ കളാണ് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തി വരുന്ന തുടർ വിദ്യാഭ്യാസ പരിപാടികൾ.<br>**<u>നാലാംതരം തുല്യത</u>**<br>14 വയസ്സ് പൂർത്തിയായിട്ടുള്ള നവസാക്ഷരർ, പ്രൈമറി തലത്തിൽ പഠനം മുടങ്ങിയവർ തുടങ്ങിയവരാണ് നാലാംതരം തുല്യതാ കോഴ്സിന്റെ ഗുണഭോക്താക്കൾ.<br>**<u>ഏഴാംതരം തുല്യത</u>**<br>നാലാംതരം പാസായിട്ടുള്ളവർക്കും, 15 വയസ് പൂർത്തീകരിച്ചിട്ടുള്ളവർക്കും ഏഴാംതരം തുല്യതാ കോഴ്സിൽ ചേരാം.<br>**<u>പത്താംതരം തുല്യത</u>**<br>ഔപചാരിക വിദ്യാഭ്യാസത്തിലൂടെ ഏഴാം ക്ലാസ് പാസായവർ, സാക്ഷരതാമിഷന്റെ ഏഴാംതരം തുല്യതാകോഴ്സ് പാസായവരും പതിനേഴ് വയസ് പൂർത്തീകരിച്ചിട്ടുള്ള വർക്കുമാണ് പത്താംതരം തുല്യതാ കോഴ്സിൽ ചേർന്ന് പഠിക്കാനുള്ള അവസരം നല്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | **ഹയർസെക്കണ്ടറി തുല്യത**<br>18.04.2014 ലെ 138/2013/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ഹയർസെക്കണ്ടറി തുല്യതാകോഴ്സ് ആരംഭിച്ചിട്ടുള്ളത്. ഔപചാരിക വിദ്യാഭ്യാസത്തിലെ ഹയർസെക്കണ്ടറി കോഴ്സിനു സമാനമായ എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തി ഹ്യുമാനിറ്റീസ്, കോമേഴ്സ് എന്നീ രണ്ട് ഗ്രൂപ്പുകളാണ് ഹയർസെക്കണ്ടറി തുല്യതാ കോഴ്സിലുള്ളത്.<br>**കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്ന നിരക്ഷരതാ നിർമ്മാർജ്ജന പരിപാടികൾ**<br>അക്ഷരലക്ഷം പദ്ധതി, അട്ടപ്പാടി ആദിവാസി സാക്ഷരത-തുല്യതാപദ്ധതി എന്നിവയാണ് പ്രധാനമായും നടത്തി വരുന്നത്. സാക്ഷരത-തുടർവിദ്യാ കേന്ദ്രങ്ങളാണ് പഠനകേന്ദ്രങ്ങൾ.<br>**അക്ഷരലക്ഷം**<br>നിരക്ഷരരെ അക്ഷരലോകത്തേക്ക് എത്തിക്കുന്നതിനായി സാക്ഷരതാമിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് അക്ഷരലക്ഷം.<br>**അട്ടപ്പാടി ആദിവാസിസാക്ഷരതാ പരിപാടി**<br>അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ അട്ടപ്പാടി, ഷോളയൂർ, ആഗളി ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള ആദിവാസി ഊരുകളിലാണ് ക്ലാസു വരുന്നത്. ആദിവാസികളിൽ നിന്നുള്ള ഇൻസ്ട്രക്ടർമാരാണ് ക്ലാസുകൾ നടത്തി വരുന്നത്.<br>അക്ഷരസാഗരം എന്ന പേരിൽ ഒരു സാക്ഷരതാപദ്ധതി കൂടി തീരദേശവാസികൾക്കായി ആവിഷ്കരിച്ചു വരുന്നു. |
| (ബി) | സാക്ഷരതാ മിഷൻ നടത്തി വരുന്ന തുല്യതാ കോഴ്സുകളുടെ നിലവാരവും സുതാര്യതയും പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സുതാര്യമായിട്ടാണ് തുല്യതാകോഴ്സുകൾ നടന്നുവരുന്നത്. എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ വിദഗ്ധരായ അധ്യാപകർ തയ്യാറാക്കിയ പാഠപുസ്തകങ്ങൾ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കരിക്കുലം |

| | | | |
|---|---|---|---|
| | | | കമ്മിറ്റി പരിശോധിച്ച് നിലവാരം ബോദ്ധ്യപ്പെട്ട് അംഗീകരിച്ച പുസ്തകമാണ് ഓരോ കോഴ്സുകളിലും പഠിപ്പിച്ചുവരുന്നത്. ബിരുദവും ബി.എഡ് യോഗ്യതയുമുള്ള അധ്യാപകരാണ് ക്ലാസുകൾ നയിക്കുന്നത്. ക്ലാസ് നിലവാരം പരിശോധിക്കാൻ റിട്ടയേഡ് ഹൈസ്കൂൾ അധ്യാപകരെ കോഴ്സ് കൺവീനർമാരായി നിശ്ചയിച്ചിട്ടുണ്ട്. എയിഡഡ്, സർക്കാർ സ്കൂളുകളാണ് പഠനകേന്ദ്രങ്ങളായി നിശ്ചയിച്ചിട്ടുള്ളത്. ക്ലാസുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി സെന്റർ കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ക്ലാസുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നത് പരിശോധിക്കാൻ ജില്ലാ കോ-ഓർഡിനേറ്റർമാരെചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ മാസവും പഠനകേന്ദ്രങ്ങളിൽ പഠിതാക്കളുടെ തുടർമൂല്യനിർണ്ണയം നടന്നു വരുന്നു. തുല്യതാ കോഴ്സുകളുടെ പഠനനിലവാരം പരിശോധിക്കുന്നതിനും കഴിഞ്ഞ 10 വർഷത്തെ പ്രവർത്തനം കൊണ്ടുണ്ടായ നേട്ടം വിലയിരുത്തുന്നതിനുമായി സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പഠനം നടത്തി വരുന്നു. |
| (സി) | പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | മുഖ്യമന്ത്രി ചെയർമാനായും വിദ്യാഭ്യാസ വകുപ്പുമന്ത്രി വൈസ് ചെയർമാനുമായുള്ള ജനറൽ കൗൺസിലും വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനും പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനും സാക്ഷരതാ മിഷൻ ഡയറക്ടർ സെക്രട്ടറിയുമായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് സാക്ഷരതാമിഷന്റെ ഭരണ നിർവ്വഹണം നടത്തി വരുന്നത്. കാലാകാലങ്ങളിൽ സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ പ്രസ്തുത ഭരണസമിതി വിലയിരുത്തുന്നുണ്ട്. മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ |

...4

| | | | |
|---|---|---|---|
| | | | കാര്യക്ഷമമാക്കുന്നതിന് നൂതന പദ്ധതികൾ (ഭിന്നലിംഗക്കാർക്കുള്ള തുടർ വിദ്യാഭ്യാസപദ്ധതി, പരിസ്ഥിതി സാക്ഷരതാ പദ്ധതി തുടങ്ങിയവ) ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രമം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ